**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4810** **20-07-2022 - ൽ മറുപടിയ്ക്ക്**

**കാവിൻ മുനമ്പ് പാലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരള റോഡ് ഫണ്ട് ബോർഡ് മുഖേന വിശദമായ എസ്റ്റിമേറ്റ് സമർപ്പിച്ച് കിഫ്ബിയിൽ നിന്നും 60 കോടി രൂപയുടെ ധനകാര്യ അനുമതി ലഭിച്ച കല്ല്യാശ്ശേരി മണ്ഡലത്തിലെ കാവിൻ മുനമ്പ് പാലത്തിന്റെ സാങ്കേതികാനുമതി ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (എ) | കല്യാശ്ശേരി മണ്ഡലത്തിലെ കാവിൻ മുനമ്പ് പാലത്തിനു 35 കോടി രൂപയുടെ ഭരണാനുമതിയും തുടർന്ന് കിഫ്ബിയിൽ നിന്നും 26.02.2021 ൽ 59.985 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭ്യമായിട്ടുണ്ട്. ടി പാലത്തിന്റെ സാങ്കേതികാനുമതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത പ്രവൃത്തിയുടെ ആദ്യ അലൈൻമെന്റ് കടന്നുപോകുന്നത് കണ്ടൽ ക്കാടുകൾക്കിടയിലൂടെയായത് കാരണം പാലത്തിന്റെ അലൈൻമെന്റിൽ ചെറിയ മാറ്റം വരുത്തിയിട്ടുണ്ട്. പുതിയ അലൈൻമെന്റ് കടന്നുപോകുന്ന ഭാഗത്തെ അഡിഷണൽ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയായി വരുന്നു. ഇതിനു ശേഷം സാങ്കേതിക കമ്മിറ്റിയുടെ നിർദ്ദേശപ്രകാരമുള്ള സാങ്കേതിക എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന സമർപ്പിച്ച് വിശദമായ പരിശോധനയ്ക്ക് ശേഷം സാങ്കേതികാനുമതി നൽകാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ